## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1644** 14/07/2016-ൽ മറുപടിക്ക്

# ജല വൈദ്യുതോല്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, പി. കെ.ബഷീർ<br>,, പി.ഉബൈദുള്ള | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) ജല വൈദ്യുതോല്പാദനക്കാര്യത്തിൽ പുതിയ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ജല വൈദ്യുത നിലയങ്ങളിൽ നിന്നും പുറന്തള്ളുന്ന ജലം ലിഫ്റ്റ് ചെയ്ത് പുനരുപയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ; | (ബി) ജലവൈദ്യുതി ഉത്പാദനത്തിനായി പാരമ്പര്യ രീതി കൂടാതെ തന്നെ നീർച്ചുഴിയിൽ നിന്നും (Artificial Vortex) വൈദ്യുതി ഉത്പാദനം നടത്തുന്നതിന് വേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ 10 KW സ്ഥാപിതശേഷിയുള്ള ടർബൈൻ ഇടുക്കി ജില്ലയിൽ മലങ്കര എസ്റ്റേറ്റിന്റെ സമീപത്തുള്ള കരമൻതോട്ടിൽ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, 11 KW ശേഷിയുള്ള സ്ക്രൂ ടർബൈൻ പരീക്ഷണാടിസ്ഥാനത്തിൽ പൊരിങ്ങൽക്കുത്ത് പവർ ഹൗസിൽ നിന്നും നിർഗമിക്കുന്ന ജലസ്രോതസ്സിൽ (Tailrace) സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ചു വരുന്നു.<br><br>നിലവിലുള്ള ജലാശയങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് പമ്പ്ട് സ്റ്റോറേജ് സ്കീമുകളുടെ സാധ്യതാപഠനം നടക്കുന്നുണ്ട്. ഇതിൻ പ്രകാരം ഇടുക്കി ജലാശയത്തിലെ ജലം ഉപയോഗിച്ചുള്ള ഇടുക്കി പമ്പ്ട് സ്റ്റോറേജ് സ്കീമിന്റെ സാധ്യതാപഠനം ആരംഭിച്ചിട്ടുണ്ട്. പള്ളിവാസലും പുതിയ രണ്ട് ജലാശയങ്ങൾ |

നിർമ്മിച്ച് പമ്പ്ട് സ്റ്റോറേജ് സ്കീമിനുള്ള സാധ്യതാ പഠനവും ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) പരിസ്ഥിതി സൗഹാർദ്ദമായി ജലത്തിന്റെ റണ്ണിംഗ് ഫ്ളോസ് ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ ? | (സി) പരിശോധിക്കും. |

സെക്ഷൻ ഓഫീസർ